(സി) 2000-2001 അദ്ധ്യയന വർഷത്തിൽ പുതിയ ഏതെല്ലാം കോഴ്സുകൾ ഈ കോളേജിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് ?

ഉത്തരം

(എ) മണിമലക്കുന്ന് ഗവൺമെന്റ് കോളേജിനുവേണ്ടിയുള്ള മൂന്നു നില കെട്ടിടത്തിന്റെ വാർപ്പ് പൂർത്തിയായിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധി 31-8-2000 വരെ നീട്ടിക്കൊടുത്തിട്ടുള്ളതും ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പണി പൂർത്തിയാക്കുന്നതുമാണ്.

(ബി) പുതിയ പദ്ധതികളൊന്നും ഇല്ല.

(സി) 2000-2001-ൽ പുതിയ കോഴ്സുകൾക്കുള്ള അപേക്ഷ ലഭിക്കുമ്പോൾ അവ പരിശോധിച്ച് ഉചിതമായ നടപടി അപ്പോൾ സ്വീകരിക്കുന്നതാണ്.

നെടുമങ്ങാട് താലൂക്കിൽ സർക്കാർ ജീവനക്കാർക്കായി ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ്

97 (3738) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) നെടുമങ്ങാട് താലൂക്കിലെ നെട്ട എന്ന സ്ഥലത്ത് സർക്കാർ ജീവനക്കാർക്കായി ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് ചീഫ് എൻജിനീയർ (ബിൽഡിംഗ്സ്) എന്നാണ് സർക്കാരിന് സമർപ്പിച്ചത് ;

(ബി) എന്തു തുകയ്ക്കാണ് എസ്റ്റിമേറ്റ് സമർപ്പിച്ചത് ?

(സി) ഇതിനുള്ള അനുമതി നൽകിയിട്ടുണ്ടോ ;

(ഡി) ക്വാർട്ടേഴ്സ് പണിയുന്നതിന് ഭരണാനുമതി നൽകി പണി തുടങ്ങുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 18-6-1999-ന്

(ബി) 50 ലക്ഷം രൂപയ്ക്കുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത്.

(സി&ഡി) ഇല്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകി പണി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

പൊതുമരാമത്ത് വകുപ്പിലെ ഡിപ്പാർട്ട്മെന്റ് കോഡ് കാലോചിതമായി പരിഷ്ക്കരിക്കാൻ നടപടി

98 (3739) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിലെ ഡിപ്പാർട്ട്മെന്റ് കോഡ് കാലോചിതമായി പരിഷ്ക്കരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്നാണ് പ്രസ്തുത കോഡ് അവസാനമായി പരിഷ്ക്കരിച്ചത് ;

(സി) അവസാനമായി പരിഷ്ക്കരിച്ച കോഡിന്റെ ഒരു കോപ്പി ലഭ്യമാക്കാമോ ;

(ഡി) കാലോചിതമായി പരിഷ്ക്കാരം വരുത്തിയിട്ടില്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) പൊതുമരാമത്ത് വകുപ്പിലെ ഡിപ്പാർട്ട്മെന്റ് കോഡും മാനുവലും പരിഷ്കരിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

പി. ഡബ്ല്യൂ. ഡി. കോഡ് അനുസരിച്ചുള്ള നിയമനം

99 (3740) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പി.ഡബ്ല്യൂ.ഡി. കോഡ് അനുസരിച്ച് എൻ.ജി.ഒ. മാരുടേയും ഗസറ്റഡ് ആഫീസർമാരുടേയും നിയമനത്തിനും സ്ഥലംമാറ്റത്തിനുമുള്ള അധികാരം ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത് ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡ്സ്, ബിൽഡിംഗ്സ്, നാഷണൽ ഹൈവേ എന്നീ വിംഗുകളിൽ ഒരു വിംഗിൽ നിന്നും മറ്റൊരു വിംഗിലേക്ക് ട്രാൻസ്ഫർ നടത്തുന്നതിനുള്ള അധികാരം ആർക്കാണ് ഉള്ളത് ;

(സി) വകുപ്പുകളിൽ കാലാകാലങ്ങളിലുണ്ടാകുന്ന നോൺ ഗസറ്റഡ്, ഗസറ്റഡ് തസ്തികകളിലെ ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യുന്നത് ഏത് റാങ്കിലുള്ള ഉദ്യോഗസ്ഥനാണെന്നറിയിക്കുമോ ;

(ഡി) പൊതുമരാമത്തു വകുപ്പിലെ ചീഫ് എഞ്ചിനീയർമാരുടെ ആഫീസിലെ നോൺ-ഗസറ്റഡ് ഉദ്യോഗസ്ഥന്മാരുടെ സ്ഥലംമാറ്റം നടത്തേണ്ടുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ജി. ഒ. (എം.എസ്.) 237/75/പി.ഡബ്ല്യൂ.ഡി. പ്രകാരം ഏത് ഉദ്യോഗസ്ഥനാണ് അധികാരമുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ ഉത്തരവ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ജി. ഒ. (ആർ.ടി.) 918/പി. ഡബ്ല്യൂ. ഡി. തീയതി 7-10-1999-ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റോഡ്സ് ആന്റ് ബ്രിഡ്ജസ് സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കുമാത്രം ഒരു സർക്കിളിലെ എല്ലാ വിംഗുകളിലേയും നോൺ ഗസറ്റഡ് ഉദ്യോഗസ്ഥന്മാരുടെ ട്രാൻസ്ഫർ ആന്റ് പോസ്റ്റിംഗ് നടത്തുന്നതിനുള്ള അധികാരം നൽകിയിട്ടുള്ളതിൽ ക്രമക്കേടുകളുണ്ടോ എന്ന് പരിശോധിക്കുമോ ;

(എഫ്) പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം റോഡ്സ് ആന്റ് ബ്രിഡ്ജസ് സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കുമാത്രമായി സ്ഥലം മാറ്റത്തിന് ചുമതല നൽകുന്നതിന് പകരം എല്ലാ വിംഗുകളിലേയും സൂപ്രണ്ടിംഗ്

LIBRARY ARCHIVES Kerala Legislative Assembly